‘സ്ത്രീകൾ ഒന്നു തീരുമാനിച്ചാൽ തീരുമാനിച്ചതാ. നടത്തിയിരിക്കും.’ ബീന പറഞ്ഞു

# സ്ത്രീകൾ തീരുമാനിച്ചാൽ



കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസ്., മനസ്സിൻെറ കരുത്ത് തെളിയിച്ച സ്ത്രീകളെ കുറിച്ച് എഴുതുന്നു

ബീനയുടെ വാക്കുകൾ ഞാൻ ആദ്യമായി കേൾക്കുന്നത് സ്ത്രീകൾക്ക് കെട്ടിടനിർമാണരംഗത്ത് സംരംഭം തുടങ്ങാൻവേണ്ടി നടത്തിയ ഒരു മീറ്റിങ്ങിലാണ്. 37 വീടുകളുടെ നിർമാണം പൂർത്തിയാക്കിയ തങ്ങളുടെ ഗ്രൂപ്പിന്റെ അനുഭവം പങ്കുവയ്ക്കാൻ വന്നതായിരുന്നു ബീന. അതെ! ഒരു കോടിയിൽപ്പരം രൂപയുടെ നിർമാണം ഏറ്റെടുത്തുനടത്താൻ ബീനയ്ക്കും ടീമിനും സാധിച്ചിരിക്കുന്നു.

മൂന്നുവർഷങ്ങക്കുമുൻപ് നിർമാണ മേഖലയിൽ സ്ത്രീകൾക്ക് സ്വയംതൊഴിൽ സംരംഭം നടത്താൻ, കുടുംബശ്രീ നടത്തിയ പരിശീലന പദ്ധതിയാണ് ബീനയുടെ ജീവിതത്തിൽ വഴിത്തിരിവായത്. പരിശീലനത്തിൽ പങ്കെടുത്ത പലരും സംരംഭകത്വത്തിലേക്ക് തിരിയാതെ ഈ മേഖലയിൽ പണിക്കാരായി മാറി. എന്നാൽ കോൺട്രാക്ടറാവണമെന്ന സ്വപ്നം അടിയറവുവയ്ക്കാൻ ബീന തയ്യാറല്ലായിരുന്നു. ബീനയും അഞ്ചുപേരും ചേർന്ന് ഒരു സംരംഭം (കെട്ടിട നിർമാണ യൂണിറ്റ്) ആരംഭിച്ചു.

‘തുടക്കത്തിൽ ഒരു ജോലിയും ലഭിച്ചിരുന്നില്ല. എറണാകുളം കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ഓഫീസിൽ നിരന്തരം കയറിയിറങ്ങി, അവസരങ്ങൾ ഉണ്ടോ എന്ന് അന്വേഷിച്ചു. ഒരിക്കൽ ഇടക്കാട്ടുവയലിൽ 87 ആദിവാസി കുടുംബങ്ങൾക്കുവേണ്ടി വീട് നിർമിക്കാനുള്ള പദ്ധതി തുടങ്ങിയില്ല എന്നറിഞ്ഞു. ഗുണഭോക്താക്കൾ ജില്ലാ കളക്ടർക്ക് പരാതിയുമായി ചെന്നപ്പോൾ, കുടുംബശ്രീയുടെ നിർമാണ ഗ്രൂപ്പ് ഉണ്ടെന്നറിഞ്ഞ് എന്നെയും വിളിപ്പിച്ചു. അവിടെവെച്ച് കളക്ടർ ചോദിച്ചു നിങ്ങൾക്ക് ഇത് ഏറ്റെടുക്കാമോ? ചെയ്യാം എന്ന് പറഞ്ഞു.’

ബീനയുടെ ഗ്രൂപ്പിന്റെ അവസരങ്ങളുടെ തുടക്കം ഇവിടെയായിരുന്നു. എന്നാൽ വിചാരിച്ചപോലെ എളുപ്പമായിരുന്നില്ല കാര്യങ്ങൾ. ഇടക്കാട്ടുവയലിൽ വീടുവയ്ക്കേണ്ട സ്ഥലത്ത് എത്തിയപ്പോൾ, അത് ഒരു മലയുടെ മുകളിൽ! വെള്ളമില്ല. എങ്ങനെ ഈ നിർമാണം ഏറ്റെടുക്കുമെന്ന ആശങ്കയിലാണ് അന്ന് വൈകുന്നേരം തിരിച്ചുപോയത്.

‘പിന്നെ എങ്ങനെ അവിടെ വീടുകൾ നിർമിച്ചു?’ എന്ന എന്റെ ചോദ്യത്തിന് ബീനയ്ക്ക് ഒറ്റ മറുപടിയാണ് ഉണ്ടായിരുന്നുത്. ‘സാറേ, ഞങ്ങൾ സ്ത്രീകൾ ഒന്ന് തീരുമാനിച്ചാൽ തീരുമാനിച്ചതാ. നടത്തിയിരിക്കും.’ ഈ വാശിയും നിശ്ചയദാർഢ്യവും സ്വന്തം കഴിവിലുള്ള വിശ്വാസവും പാവപ്പെട്ടവരെ സഹായിക്കാനുള്ള മനസ്സുമൊക്കെയാണ് ബീനയെ ഒരു മൈക്രോ കോൺട്രാക്ടറാക്കി മാറ്റിയത്. ബീനയുടെ വിജയത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമാണമേഖലയിൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കുടംബശ്രീ, വനിതാ നിർമാണ ഗ്രൂപ്പുകൾ തുടങ്ങിക്കഴിഞ്ഞു. 14 ജില്ലയിലുമായി ഇത്തരം 350ഓളം ഗ്രൂപ്പുകൾ രൂപവത്കരിച്ചുവരുന്നു.


ബീന കെട്ടിട നിർമാണത്തിനിടെ

ഇന്ന് നിർമാണമേഖലയിൽ പ്രീഫാസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതു സംബന്ധിച്ച് പഠിക്കാനും ബീന ഒരുങ്ങുകയാണ്. കാലത്തിനനുസരിച്ച് മാറാനും മുന്നേറാനും ഈ എറണാകുളത്തുകാരിക്ക് സാധിക്കുന്നു. മനസ്സിന്റെ കരുത്തുകൊണ്ട്.